## ബേക്കർ മെമ്മോറിയൽ ഗേൾസ്
## ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## ആമുഖം

സ്ത്രീവിദ്യാഭ്യാസത്തിലൂടെ സാമൂഹികഉന്നമനം ലക്ഷ്യമിട്ട് 1819 ൽ അമേലിയ ഡോറോത്തിയ ബേക്കർ എന്ന മിഷനറി വനിതയാൽ സ്ഥാപിതമായ ബേക്കർ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ203 വർഷങ്ങൾക്ക് ശേഷവും കോട്ടയത്തിന്റെ അഭിമാനസ്തംഭമായി നിലകൊള്ളുന്നു. പാഠ്യപാഠ്യേതര രംഗത്തെ ചിട്ടയായ പരിശീലനം വിദ്യാർത്ഥിനികളുടെ സമഗ്രവികസനത്തിനും മൂല്യാധിഷ്ഠിത ജീവിതത്തിനും ഉതകുന്നു. **'സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല'** എന്ന നൂറ്റാണ്ടുകൾ പിന്നിട്ട ആപ്തവാക്യത്തിലൂടെയുള്ള പ്രവർത്തനങ്ങൾ അവിഘ്നം ഇനിയും തുടരുക തന്നെ ചെയ്യും.

ചർച്ച് മിഷനറി സൊസൈറ്റിയുടെ ഭാഗമായി 1816 ഭാരത മണ്ണിൽ സുവിശേഷ പ്രവർത്തനങ്ങൾക്കെത്തിയ ഹെൻട്രി ബേക്കർ സീനിയറിന്റെ പത്നിയായ അമേലിയ ഡോറോത്തിയ ബേക്കർ, 1819ൽ കേവലം 6 പെൺകുട്ടികളുമായി ആരംഭിച്ച സ്കൂൾ 1894ൽ ലോവർ സെക്കണ്ടറി സ്കൂൾ ആയി മദ്രാസ് യൂണിവേഴ്സിറ്റി യുമായി ചേർത്തു. 1903ൽ രണ്ടുനില കെട്ടിടത്തിലേക്ക് സ്കൂൾ മാറി. 1930 ൽ ഇതോടനുബന്ധിച്ച് കിന്റർ ഗാർഡൻ നഴ്സറി സ്കൂളും ആരംഭിച്ചു. 1947ൽ പണികഴിപ്പിച്ച ബേക്കർ ചാപ്പൽ പ്രതിഷ്ഠിക്കപ്പെട്ടു. 1952 സംസ്ഥാന ഗവൺമെന്റിൽ അഫിലിയേറ്റീവ് ചെയ്തു. 1960 മുതൽ സി.എം.എസ് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലായി . 1983 പുതിയ കെട്ടിടത്തിലേക്ക് മാറി.

ഒരു അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ ഭംഗിയായും ചിട്ടയായും ആസൂത്രണം ചെയ്യുകവഴി ക്രിയാത്മകമായും ഗുണാത്മകമായും സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ അക്കാദമിക മാസ്റ്റർ പ്ലാൻ അനിവാര്യമാണ്. സമയത്തിന്റെ പൂർണ്ണമായ വിനിയോഗം, ചുമതലകളുടെ കാര്യക്ഷമമായ നിർവഹണം, ഭൗതികഘടകങ്ങളുടെ കൃത്യമായ സംസ്ഥാപനം, അക്കാദമിക കാര്യങ്ങളുടെ ക്രിയാത്മകമായ ഏകോപനം, മറ്റ് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ആയാസരഹിതമായ ഏകോപനം തുടങ്ങിയവയ്ക്ക് അക്കാദമിക മാസ്റ്റർ പ്ലാൻ ഉപയോഗപ്പെടും. സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസ്സിൽ വച്ചു തന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമാണ്. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് മുന്നേറാൻ പ്രാപ്തരാ ക്കുക എന്നത് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്.

ഭാഗം. 1 യുപി, ഹൈസ്കൂൾ വിഭാഗം
ഭാഗം 2 ഹയർസെക്കൻഡറി വിഭാഗം

### സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1. റവന്യൂ ജില്ല | : കോട്ടയം |
| 2. സ്കൂൾ കോഡ് | : 33045 |
| 3. സ്കൂളിന്റെ പേര് | : ബേക്കർ മെമ്മോറിയൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ,കോട്ടയം |
| 4. മേൽവിലാസം | : ബേക്കർ ഹിൽ, കോട്ടയം |
| 5. പിൻകോഡ് | : 686 001 |
| 6. ഫോൺ നമ്പർ | : 0481 2563530 |
| 7. ഇ-മെയിൽ അഡ്രസ് | : bakermemorialghs@gmail.com |
| 8. മുൻസിപ്പാലിറ്റി | : കോട്ടയം |
| 9. വിദ്യാഭ്യാസ ജില്ല | : കോട്ടയം |
| 10. സബ്ജില്ല | : കോട്ടയം ഈസ്റ്റ് |
| 11. ക്ലാസുകൾ | : 5 മുതൽ 12 വരെ |
| 12. മാനേജ്മെന്റ് | : എയിഡഡ് |
| 13. പഠനമാധ്യമം | : ഇംഗ്ലീഷ് - മലയാളം |

സ്കൂൾ ആരംഭിച്ചതു മുതൽ മികവുകളുടെ ചരിത്രമാണുള്ളത്. ഹയർസെക്കണ്ടറി വിഭാഗത്തിൽ 27 അധ്യാപകരും 3 അനധ്യാപകരും ഹൈസ്കൂൾ - യു.പി. വിഭാഗങ്ങളിലായി 38 അധ്യാപകരും 5 അനധ്യാപ കരും സേവനം അനുഷ്ഠിക്കുന്നു.

## ഉദ്ദേശലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ബുദ്ധിപരമായ വളർച്ചയും വികസനവും ലക്ഷ്യമാക്കിയുള്ള കരിക്കുലം വിദ്യാർത്ഥികളിൽ പൂർണ്ണമായും എത്തിക്കുക
2. സ്ത്രീശാക്തീകരണം പെൺകുട്ടികളിൽ സ്വാശ്രയശീലവും ആത്മവിശ്വാസവും

സ്വതന്ത്രചിന്താഗതിയും വളർത്തത്തക്കവിധമുള്ള സ്കൂൾ അന്തരീക്ഷം ഉണ്ടാവുക.

3. ജനാധിപത്യം, മതേതരത്വം, തുല്യത തുടങ്ങി ഭരണഘടന വിഭാവനം ചെയ്യുന്ന പൗരബോധവും സാമൂഹികമൂല്യങ്ങളും വികസിപ്പിക്കുന്ന തരത്തിലുള്ള പഠനപ്രക്രിയകൾ ആവിഷ്കരിക്കുക.

4. ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനമേഖലകൾ ആവിഷ്കരിക്കുക.

5. ശാരീരിക-വൈകാരിക സാമൂഹ്യപരമായ സമ്പൂർണ്ണ വളർച്ച സ്പോർട്സ്, കൗൺസിലിംഗ്, മറ്റു പാഠ്യേതര പ്രവർത്തനങ്ങൾ ഇവയിലൂടെ കൈവരിക്കുക.

6. ഉന്നതവിദ്യാഭ്യാസവും ഉദ്യോഗ ലഭ്യതക്കും ഉതകുന്ന വിധത്തിൽ ജീവിതനൈപുണ്യം കൈവരിക്കുക

7.സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും നേതൃത്വഗുണം ലഭിക്കുവാനും ഉതകുന്ന പാഠ്യേതര പ്രവർത്തനങ്ങൾ ലഭ്യമാക്കുക.

8. സംസ്കാരവും മൂല്യാധിഷ്ഠിത ജീവിതവും നല്ല ശീലങ്ങളും സ്വായത്തമാക്കുവാനുള്ള അവസരങ്ങൾ ഉണ്ടാക്കുക

9. എല്ലാ കുട്ടികളുടെയും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന വിധത്തിലുള്ള ക്യാമ്പസ് സജ്ജമാക്കുക.

10. രക്ഷാകർത്താക്കളുമായി നല്ല ബന്ധം സ്ഥാപിക്കുക വഴി സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം നേടുക.

11. അധ്യാപന രീതി, വിഭവങ്ങളുടെ ലഭ്യത, കെട്ടിടങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യത തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.

## വാർഷികപദ്ധതി-പാഠ്യപ്രവർത്തനങ്ങൾ

ഭാഷാശേഷി വികസനം

ഇംഗ്ലീഷ്പഠനം അനായാസകരമാക്കൽ

വായനാശേഷി വർദ്ധിപ്പിക്കൽ

ഭാഷാലാബ്

ഗണിതശേഷി വികസനം

ശാസ്ത്രപോഷണ പരിപാടി

സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

പഠനയാത്രകൾ

സ്കൂൾപത്രം, മാസിക

അധ്യാപക ശാക്തീകരണം

പ്രവൃത്തിപരിചയ പരിശീലനം

കലാപരിപോഷണം

പച്ചക്കറിത്തോട്ടം

സാഹിത്യശില്പശാലകൾ

ദിനാചരണങ്ങൾ

ഗവേഷണാത്മക പഠനം

കായികശേഷി വികസനം

വിലയിരുത്തൽ കാര്യക്ഷമമാക്കൽ

ഐ.ടി.പഠനം കാര്യക്ഷമമാക്കൽ

ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ഐ. റ്റി, പ്രവൃത്തി പരിചയമേളകൾ

ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

2024-25 വർഷം സയൻസ് കൊമേഴ്സ്വിഷയങ്ങളിലായി 100 % വിജയവും 50 കുട്ടികൾക്ക് മുഴുവൻവിഷയങ്ങൾക്കും A+ മാർക്കും.

അധ്യാപകർ പാഠ്യപ്രവർത്തനങ്ങളിൽ  വാർഷിക പ്ലാൻ, മന്ത്ലി പ്ളാൻ, വീക്കിലി പ്ലാൻ ഇവ തയ്യാറാക്കി അതിനനുസരിച്ച് തിയറി പ്രാക്ടിക്കൽ ക്ലാസുകൾ മുന്നോട്ടു കൊണ്ടുപോവുക.

കൃത്യമായ ഇടവേളകളിൽ ക്ലാസ് ടെസ്റ്റുകൾക്കും സമയം ഉൾപ്പെടുത്തുക.

കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തതരത്തിൽ ആഴ്ചതോറും ഉള്ള പരീക്ഷകൾ ഓരോ വിഷയത്തിനും ഒരു ദിവസം വീതം ക്രമീകരിക്കുക.

ഓരോ വിഷയത്തിനും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാരബോധനം ക്രമീകരിക്കുക.

പരീക്ഷകളിൽ ശരാശരിയിൽ താഴെ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് പഠന പിന്തുണപ്രവർത്തനം ഉറപ്പാക്കുക.

## ബേക്കർകിരണം

ഭാഷാവിഷയങ്ങളിലും ഗണിതശാസ്ത്ര-ശാസ്ത്ര-സാമൂഹികശാസ്ത്ര വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾകളുടെ പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ നൈസർഗിക വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കഴിഞ്ഞ അദ്ധ്യയന വർഷം ആരംഭിച്ച ബേക്കർകിരണം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഈ വർഷവും തുടരും.

## മെന്ററിങ് പ്രോഗ്രാം നടപ്പിൽ വരുത്തുക.

ഇതു വഴി ഓരോ കുട്ടിയുടെയും കുടുംബ പശ്ചാത്തലവും സാമൂഹ്യ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കുന്നത് വഴി കുട്ടിയെ മെച്ചപ്പെട്ട രീതിയിൽ നയിക്കുവാൻ സാധിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ വീട് സന്ദർശി ക്കുന്നത് വഴിയോ മാതാപിതാക്കളുടെ സ്കൂൾ സന്ദർശനം വഴിയോ അധ്യാപക രക്ഷാകർതൃബന്ധം സുദൃ ഢവും പ്രയോജനപ്രദവും ആകുവാൻ സാധിക്കുന്നു. പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ഇവാലുവേഷൻ ഷീറ്റ് തയ്യാറാക്കി നൽകി, അധ്യാപകരുടെ അധ്യയന രീതി വിലയിരുത്തുവാനും സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ കുട്ടികൾക്ക് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തുവാനും സാധിക്കും. ഇവ സ്റ്റാഫ് മീറ്റിങ്ങുകളിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തുവാൻ സാധിക്കും.

## വാർഷിക പദ്ധതി - പാഠ്യേതരപ്രവർത്തനങ്ങൾ

ജൂൺ 2 പ്രവേശനോത്സവം
ജൂൺ 5 ലോക പരിസ്ഥിതിദിനം
ജൂൺ 19 വായനാദിനം
ജൂൺ 19 - 26 വായനാവാരം
ജൂൺ 21 അന്തർദേശീയ യോഗാദിനം
ലോകസംഗീതദിനം
ജൂൺ 26 ലോകലഹരി വിരുദ്ധദിനം
ജൂലൈ 5 ബഷീർ ചരമദിനം
ജൂലൈ 11 ലോക ജനസംഖ്യാദിനം
ജൂലൈ 21 ചാന്ദ്രദിനം
ജൂലൈ 22 ഹൈസ്കൂൾ രചനാമത്സരം
ജൂലൈ 23 ഹൈസ്കൂൾ ചിത്രരചനാമത്സരം
ജൂലൈ 25 മെറിറ്റ് ഡേ
ആഗസ്റ്റ് 2 എസ്.പി.സി.ദിനാഘോഷം
ആഗസ്റ്റ് 6 ഹിരോഷിമദിനം
ആഗസ്റ്റ് 9 ക്വിറ്റിന്ത്യാദിനം
നാഗാസാക്കിദിനം
ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം
ആഗസ്റ്റ് 20-27 ഒന്നാം പാദവാർഷിക പരീക്ഷ
സെക്കൻഡ് ടേം
സെപ്റ്റംബർ 8 സ്കൂൾ തുറക്കുന്നു
ഒക്ടോബർ 2 ഗാന്ധിജയന്തി
ഒക്ടോബർ 4 ബഹിരാകാശദിനം
നവംബർ 1 കേരളപ്പിറവിദിനം

നവംബർ 14 ശിശുദിനം
പരീക്ഷകൾ
വിദ്യാർത്ഥികളുടെ ടൂർ പ്രോഗ്രാം
ഡിസംബർ 11-18 രണ്ടാം പാദം അവസാനിക്കുന്നു.
തേഡ് ടേം
ഡിസംബർ 29 സ്കൂൾ തുറക്കുന്നു.
ജനുവരി 1 ക്യാൻഡിൽ ലൈറ്റ് സെർമണി

ഒ ആർ സി, സൗഹൃദ ക്ലബ്ബ് ഇവയുടെ നേതൃത്വത്തിൽ കൗൺസിലിംഗ് ക്ലാസുകൾക്ക് പുറമേ ഡിപ്പാർട്ട്മെൻറ് ഏർപ്പെടുത്തുന്ന പ്രോഗ്രാമുകൾ.

എൻഎസ്എസിന്റെ നേതൃത്വത്തിൽ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ക്യാമ്പുകൾ വിവിധ ക്ലാസുകൾ എന്നിവ.

ഗൈഡ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ അവബോധ പ്രവർത്തനങ്ങൾ, ക്ലാസുകൾ ക്യാമ്പ് തുടങ്ങിയവ

പത്രം, പുസ്തകങ്ങൾ ഇവയുടെ വായന പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ നടത്തപ്പെടുന്നു .സാഹിത്യ ക്ലബ്ബ് വായനാ മത്സരം, കയ്യെഴുത്തുമാസിക മത്സരം ,ക്വിസ് മത്സരം ഇവ സംഘടിപ്പിച്ച് വായനയെ പ്രോത്സാഹിപ്പിക്കുന്നു.

കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും നേതൃത്വ പാടവത്തിനും സ്കൂൾ അസംബ്ളി ആഴ്ചയിൽ ഒരു ദിവസം നടത്തപ്പെടുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി എന്നീ ഭാഷകളിലായി ക്ളാസ്സ് അടിസ്ഥാനത്തിൽ അസംബ്ളി നടത്തപ്പെടുന്നു.

## ഭാഗം 1 ഹൈസ്കൂൾ വിഭാഗം

കഴിഞ്ഞ അധ്യയനവർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിക്കുവാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനകരമാണ്. കലാ-കായിക പ്രവർത്തനങ്ങളിലും സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു. ഹൈസ്കൂളിൽ എല്ലാ ക്ലാസ്സ് മുറികളും യു.പി വിഭാഗത്തിൽ 3 ക്ലാസ്സ് മുറികളും സ്മാർട് ക്ലാസ്സ് റൂമുകൾ ആണ്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക എന്നതിനായി പ്രത്യേകം ലാബ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്കൂളിലെ വൈവിധ്യമാർന്ന സംഘടനകളുടെയും ക്ലബുകളുടെയും പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. സാമൂഹ്യശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

### ലഹരിക്കെതിരെയുള്ള പ്രതിരോധം

ലഹരി ഉപയോഗത്തിനെതിരെ മനോഭാവം കുട്ടികളിൽ വളർത്തുന്നതിനായുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പ്രക്രിയയുടെ ഭാഗമാക്കുക. സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം, ഡിബേറ്റ്, റോൾപ്ലേ തുടങ്ങിയവയും ഫ്ളാഷ് മോബും നടത്തുക.

### ട്രാഫിക് നിയമങ്ങൾ

റോഡിലൂടെ നടന്നു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് മുറിച്ചു കടക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴും പാലിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം കുട്ടികൾ ആർജ്ജിക്കുക.

### ശുചിത്വം, മാലിന്യസംസ്കരണം

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ സംബന്ധിച്ച അവബോധനക്ലാസ്സുകൾ നടത്തുക. സ്കൂൾ പച്ചക്കറിതോട്ടം, ഹരിതവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുക.

### ആരോഗ്യശീലങ്ങൾ

നല്ല ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക.

### ഡിജിറ്റൽ അച്ചടക്കം

മൊബൈൽ ഫോൺ, ടാബ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ വിവേകത്തോടെയും വിവേചന ബുദ്ധിയോടും എങ്ങനെ ഉപയോഗിക്കാം എന്നിവ സംബന്ധിച്ച് ക്ലാസ്സ്മുറികളിൽ സംവാദങ്ങൾ നടത്തുക.

### പൊതുമുതൽ സംരക്ഷണം

പൊതുമുതൽ എന്തുകൊണ്ട് സംരക്ഷിക്കപ്പെടണമെന്ന് സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.

### പരസ്പര സഹകരണം

റാഗിങ്ങ്, അപമര്യാദയായുള്ള സംസാരം ഇവയില്ലാതെ സാഹോദര്യത്തോടെ പെരുമാറേണ്ടത് സംബന്ധിച്ച് കുട്ടികളിൽ വളർത്തുക.

| തീയതി | തീം |
|---|---|
| 03/06/2025 | ലഹരിക്കെതിരെയുള്ള പ്രതിരോധം |
| 04/06/2025 | ട്രാഫിക് നിയമങ്ങൾ |
| 05/06/2025 | ശുചിത്വം, മാലിന്യസംസ്കരണം |
| 09/06/2025 | ആരോഗ്യശീലങ്ങൾ |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം |
| 12/06/2025 | പരസ്പര സഹകരണം |
| 13/06/2025 | പൊതുക്രോഡീകരണം |

മുകളിൽ കൊടുത്ത തീയതികളിൽ ക്ലാസ്സ് അധ്യാപകർ വിഷയങ്ങൾ അവതരിപ്പിക്കും. കുട്ടികളിൽ ആശയങ്ങൾ രൂപികരിക്കത്തക്ക വിധമുള്ള പ്രവർത്തനങ്ങൾ നടത്തും. വിഷയങ്ങളിൽ പോസ്റ്ററുകൾ തയ്യാറാക്കുക, സംവാദം സംഘടിപ്പിക്കുക, സ്കിറ്റ്, ഫ്ളാഷ്മോബ് എന്നിവ അവതരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തും.

## ഉപമേഖല - മലയാളം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦അക്ഷരം ഉറപ്പിക്കൽ<br>♦ചിഹ്നം ഉറപ്പിക്കൽ<br>♦പദ നിർമ്മാണം<br>♦വാക്യനിർമ്മാണം<br>♦ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>1 വർഷക്കാലം | ഭാഷ ക്ലബ് - കൈരളി<br>മലയാളം ടീച്ചർ |
| ♦ഭാഷയുടെ അടിസ്ഥാനശേഷി വികസനം | ♦എന്റെ അവധിക്കാലം, യാത്രാനുഭവങ്ങൾ സർഗ്ഗാത്മക രചനകളിലൂടെ അവതരിപ്പിക്കുന്നു. | 8 മാസം | മലയാളം ടീച്ചർ |
| ♦എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | ♦ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>♦ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>♦ക്ലാസ്സുകളിൽ പുസ്തകങ്ങൾ ലഭ്യമാക്കൽ<br>♦റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>♦വായനോത്സവം<br>♦വാർത്ത വായന | 6 മാസം-<br>1 വർഷം<br>ആവശ്യമനുരിച്ച്<br>3 മാസം<br>ആവശ്യമനുസരിച്ച്<br>എല്ലാദിവസവും | ലൈബ്രറിയുടെ ചുമതല നിർവ്വഹിക്കുന്ന ടീച്ചർ<br>മലയാളം അധ്യാപകർ |
| ♦പത്രവായന പരിപോഷിപ്പിക്കക | ♦പത്രവായന<br>♦പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>♦ഓരോ ക്ലാസിനും ഓരോ പത്രം.<br>♦രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>♦പത്രക്വസ് | ദിവസേന<br>എല്ലാദിവസവും | മലയാളം അധ്യാപകർ |
| ♦സർഗ്ഗശേഷി വികസനം | ♦വായനാനുഭവം പങ്കുവെക്കൽ<br>♦പുസ്തകചർച്ച<br>♦പുസ്തകാസ്വാദനം<br>♦രംഗാവിഷ്കാരം<br>♦നാടക ശില്പശാല<br>♦സംവാദം<br>♦അഭിമുഖം<br>♦സാഹിത്യകാരന്മാരുടെ ഭവനങ്ങളിലേക്കുള്ള സന്ദർശനം | 3 മാസത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ |

| ഉപമേഖല - മലയാളം<br>ഭാഷാശേഷി വികസനം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ♦മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം<br>♦സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി സർഗ്ഗ ശേഷി വളർത്തൽ | ♦മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം<br>ഇ - മാഗസിൻ | 6 മാസം<br>വർഷത്തിൽ 1 | മലയാളം അധ്യാപകർ<br>ഐടി അധ്യാപകർ |

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | ♦ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ |
| | ♦ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി |
| | ♦ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ |

## ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ♦ഇംഗ്ലീഷ് കഥ, കവിത, ഉപന്യാസം തുടങ്ങി സർഗ്ഗാത്മക രചനകളുടെ പ്രസിദ്ധീകരിക്കൽ | 3 മാസത്തിൽ ഒരിക്കൽ<br>1 വർഷം | ഇംഗ്ലീഷ് ടീച്ചർ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | ♦വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്<br>♦പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേത്ത് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ<br>♦ വൺമാൻ ഷോ (ആശയം നൽകിയുള്ള ഏകാഭിനയം)<br>♦ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>♦ റീഡർ ഓഫ് ദ മൻത് നെ ആദരിക്കുന്നു. | ആഴ്ചയിൽ 1 ദിവസം<br>മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ |

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന പരിപോഷിപ്പിക്കൽ | ♦ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ<br>♦ വായനാകുറിപ്പ് തയ്യാറാക്കൽ<br>♦ എഫ് എം കോർണർ<br>♦ റേഡിയോ ഡ്രാമ<br>♦ ഐ റ്റു ക്യാൻ വായനകാർഡ് | ആഴ്ചയിൽ ഒരു ദിവസം<br><br>ടേമിൽ ഒരു തവണ<br><br>വർഷത്തൽ പല തവണ | ഇംഗ്ലീഷ് ടീച്ചർ<br><br>ലൈബ്രറിയുടെ ചുമതല നിർവ്വഹിക്കുന്ന ടീച്ചർ |
| അനയാസേന എഴുതാനുള്ള ശേഷി വികസനം | ♦മൈ ഡ്രോപ്ലെറ്റ്സ്<br>♦ക്ലാസ് മാഗസിൻ<br>♦ ക്ലാസ്സ് ഡിക്ഷനറി<br>♦ അലേർട്ട് സോൺ (സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ എന്നിവയുടെ പ്രദർശിപ്പിക്കൽ)<br>♦ റൺ ബേബി റൺ (ചാർട്ടിൽ പ്രദർശിപ്പിക്കുന്ന വാക്കുകൾ ഒരു തവണ വായിച്ചശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു.)<br>♦ ഫൺ ടൈം ഫണ്ട (കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവയുടെ അവതരണം.) | ആഴ്ചയിൽ ഒരു ദിവസം<br><br>ടേമിൽ ഒരു തവണ<br><br>വർഷത്തൽ പല തവണ | ഇംഗ്ലീഷ് ടീച്ചർ<br><br>ലൈബ്രറിയുടെ ചുമതല നിർവ്വഹിക്കുന്ന ടീച്ചർ |
| ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസം വളർത്തുന്നു. | ♦ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾ നടത്താനുള്ള അവസരം<br>♦ ദ ഇംഗ്ലീഷ് ബിനാലെ (ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി. ബിനാലെ നടത്തുന്നു. | വർഷാവസാനം | ഇംഗ്ലീഷ് ടീച്ചർ |

## ഹിന്ദി
## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦ 5,6,7 ക്ലാസ്സുകളിൽ അക്ഷരബോധം ഉറപ്പിക്കൽ<br><br>♦ എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | ♦പുതിയ പദങ്ങൾ, പദ്യങ്ങൾ ഇവയിൽ വരുന്ന അക്ഷരങ്ങളെ മനസ്സിലാക്കുക,<br>♦ ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ<br><br>♦ ലൈബ്രറിയിലെ ഹിന്ദി പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>♦ ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>♦ ടേമിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>♦ ഹിന്ദി നാടകം നടത്തുക.<br>♦ കുട്ടികളെ കൊണ്ട് ചെറു ചെറുവിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>♦ ഹിന്ദി പ്രസംഗം, കവിതാലാപനം ഉവ പരിപോഷിപ്പിക്കുക.<br>♦ തെറ്റായി വായിക്കുന്നത് കുട്ടികൾ ശ്രദ്ധിച്ച് ശരിയായ വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>2 മാസം<br><br>ആവശ്യമനുസരിച്ച് | ഹിന്ദി ക്ലബ്ബ്<br><br>ഹിന്ദി ടീച്ചർ |
| ♦ ഹിന്ദിയിൽ ആശയ വിനിമയത്തിലുള്ള കഴിവ് വളർത്തൽ | ♦ ഹിന്ദിമാത്രം ക്ലാസ്സുകളിൽ ഉപയോഗിക്കാൻ ശ്രമിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | |

| ഉപമേഖല: അറബിക് ഭാഷാപ്രവർത്തനം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക | ♦ മുന്നറിവ് പരിശോധിക്കൽ<br>♦ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>♦ വാചകങ്ങൾ നിർമ്മിക്കൽ<br><br>♦ ഭാഷാ കളികൾ | ജൂൺ മാസത്തിൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ<br><br>3 മാസത്തിൽ ഒരിക്കൽ | അറബിക് ക്ലബ്ബ് |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠനനേട്ടങ്ങൾ ഉറപ്പു വരുത്തുക | ♦ വായന മത്സരം<br>♦ ക്ലാസ്സ് ലൈബ്രറി<br>♦ ഇ - വായന<br>♦ വായന കുറിപ്പുകൾ | 3 മാസത്തിൽ ഒരിക്കൽ | അറബിക് ടീച്ചർ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമികളിൽ ഒരുക്കുക. | ♦ പതിപ്പുകളുടെ നിർമ്മാണം<br>♦ വായനകുറിപ്പ് ശേഖരണം<br>♦ ചുമർപത്രങ്ങൾ<br>♦ പോസ്റ്ററുകൾ | 3 മാസത്തിൽ ഒരിക്കൽ | |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക. | ♦ ആശയവിനമയവേദി<br>♦ അറബിക് അസംബ്ലി<br>♦ ഭാഷാപ്രദർശനം | മാസത്തിൽ 1 തവണ | |
| സർഗ്ഗാത്മക കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക | ♦ അറബിക് മേള | വർഷത്തിൽ 1 തവണ | |

| ഉപമേഖല - ദിനാചരണങ്ങൾ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| വിവിധ ശേഷി കളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | എസ്.ആർ.ജി. |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർമെന്റ് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | സോഷ്യൽ സയൻസ് ക്ലബ്<br>സോഷ്യൽ സയൻസ് അധ്യാപകർ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ |

| ഉപമേഖല - സോഷ്യൽ സയൻസ് - ലൈബ്രറി,സംവാദം,സെമിനാർ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ<br>ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം, പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ<br>നദികൾ, ഭൂപ്രകൃതി, തലസ്ഥാനം എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക.<br>ഐസിടി സാധ്യത ഉപയോഗിച്ച് മെമ്മറി ടെസ്റ്റ്<br>സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>മാസത്തിൽ 1 വീതം | സോഷ്യൽ സയൻസ് അധ്യാപകർ<br>സോഷ്യൽ സയൻസ് ക്ലബ് |
| ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും സ്മാരകങ്ങളും സന്ദർശിക്കൽ<br>വിഡയോ പ്രദർശനം | പഠനയാത്രകൾ<br>ഐസിടി ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള ഇടങ്ങൾ പ്രദർശിപ്പിക്കുന്നു,<br>പ്രകൃതിദുരന്തങ്ങളുടെ ഫോട്ടോകളും വീഡിയോകളും പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ 1 പ്രാവിശ്യം | |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | ♦ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>പരീക്ഷണക്കളരി-പരീക്ഷണങ്ങൾ മുന്നിൽ പ്രദർശിപ്പിക്കൽ.<br>♦സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് |
| ♦ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് |
| ♦ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ മുതൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ടീച്ചേഴ്സ് |
| ♦പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി<br>കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 1 തലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | സയൻസ് ക്ലബ്ബ് |
| ♦ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് |
| ♦ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യംചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ♦ഊർജ്ജ ക്ലബ് ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ്, ലഹരി ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ വിവിധ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>♦ശാസ്ത്ര ശിലപ്പശാല<br>♦ സെമിനാർ<br>♦ ശാസ്ത്ര വിസ്മയ ചുമർ | ഒക്ടോബർ<br>വർഷത്തിൽ പലതവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ടീച്ചേഴ്സ് |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦ജീവിതസാഹചര്യങ്ങളെ മുൻ നിർത്തി ശാസ്ത്രത്തെ തിരിച്ചറിയുക | ♦ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം ,പച്ചക്കറി തോട്ടം, കാവുകൾ തുടങ്ങിയവ സന്ദർശിക്കുക. | അദ്ധ്യയനവർഷം | സയൻസ് അദ്ധ്യാപകർ |
| ♦നിത്യജിവിതാനുഭവങ്ങളും ശാസ്ത്രബോധവും തമ്മിൽ ബന്ധിപ്പിച്ച് പഠിക്കുക. | ♦കണ്ടറിയാൻ ഒരു യാത്ര (ഇന്ന് സ്ഥിരമായി കാണാൻ പറ്റാത്ത പ്രകൃതി വിഭവങ്ങൾ കാണുക)<br>♦പരീക്ഷണക്കളരി | ഓഗസ്റ്റ് മുതൽ | സയൻസ് അദ്ധ്യാപകർ |
| ♦ശാസ്ത്രരംഗത്തെ നൂതനാശയങ്ങളും പഠനങ്ങളും സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തിക. | ♦ശാസ്ത്രവിസ്മയങ്ങളുടെ വീഡിയോ പ്രദർശനം | അദ്ധ്യയനവർഷം | |

## ഉപമേഖല: പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦ജൈവകൃഷി ഒരുക്കൽ | സ്കൂൾ വളപ്പിൽ ജൈവകൃഷി ഒരുക്കുന്നു. | 1 വർഷം | ഇക്കോക്ലബ് |
| ♦ഫലവൃക്ഷങ്ങളുടെ നടീൽ | സ്കൂൾ വളപ്പിൽ ഫലവൃക്ഷ തൈകൾ നടുന്നു. | വർഷത്തിൽ ഒരിക്കൽ | ഇക്കോക്ലബ് |

## ഉപമേഖല: കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ കായിക ശേഷിയും സ്വയപ്രതിരോധ ശേഷിയും വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | ♦ കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരീശിനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>♦ ത്രോബോൾ, ബാസ്ക്കറ്റ്ബോൾ,ഷട്ടിൽബാന്റ് മിന്റൻ, കബഡി എന്നിവയിൽ പരിശീലനം<br>♦ കുട്ടിൾക്ക് കരാട്ടേയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ | ആഴ്ചയിൽ എല്ലാ ദിവസവും അവധി ദിവസങ്ങളിലും<br>1 വർഷം<br>ആഴ്ചയിൽ 1 ദിവസം | കായികാധ്യാപിക |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦രസകരമായ ഗണിശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ♦ഒറിഗാമി ശില്പശാല | അദ്ധ്യയന വർഷം 1 തവണ | ഗണിത ടീച്ചർ |
| ♦ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ♦ഗണിതലാബിൽ വെച്ച് ഗണിത ക്ലാസ്സ് തടത്തും. | ആവശ്യാനുസരണം | |
| ♦ഗണിതം മധുരമാക്കൽ | ♦ഗണിതപാർക്ക് (ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ<br>♦ഗണിതഗ്രാമം | അദ്ധ്യയന വർഷം 1 തവണ | ഗണിത ക്ലബ് |
| ♦ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ♦ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയവ കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ മൂന്ന് പ്രാവിശം | |
| ♦ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു. | ♦ഗണിതക്ലിനിക്ക് | ആഴ്ചയിൽ 1 പീരിഡ് | ഗണിത അദ്ധ്യാപകരും സമർദ്ധരായ കുട്ടികളും. |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ♦ ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്നു.<br>♦ ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്നു. | ലാബ് സജ്ജീകരണം ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>ക്ലാസ്സ് മുറികളിൽ പ്രദർശിപ്പിക്കുന്നു. | ഗണിതശാസ്ത്ര ക്ലബ്ബ്<br>ഗണിത ടീച്ചർ |
| ♦ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ♦അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>♦ഗണിതശില്പശാല<br>♦കളിരീതിയിലൂടെ അടിസ്ഥാന ക്രീയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്,മഞ്ചാടിക്കുരു,മുത്തുകൾ, ഫ്ളഷ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ഗണിത ടീച്ചർ |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | കരാട്ടെ, യോഗ, സൂംബ ഡാൻസ് എന്നിവയിൽ പരിശീലനം. | ആഴ്ചയിൽ ഒരു ദിവസം വൈകിട്ട് (പ്രവൃത്തി ദിനങ്ങളിൽ) | അധ്യാപകർ |

| ഉപമേഖല: കലാമേഖല | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| കലാമികവുള്ളവർക്ക് പരിശീലനം | ♦ കലാവാസനകൾ കണ്ടെത്തി അതാത് മേഖലകളിലെ വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 1 ദിവസം | മ്യൂസിക് ടീച്ചർ |
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ. | ♦ കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. | മാസത്തിൽ 1 തവണ | |

| ഉപമേഖല: പ്രവൃത്തിപഠനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പ്രവൃത്തി പഠന പരിശീലനം | ♦ താല്പരരായ കുട്ടികൾക്ക് പ്രവൃത്തി പഠന പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | ആഴ്ചയിൽ 1 | തുന്നൽ ടീച്ചർ |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 1 വർഷത്തിൽ 3 മാസം | സയൻസ് അധ്യാപകർ |

**ഉപമേഖല: ഒ.ആർ.സി.**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മാനസിക വൈകാരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ക്കായി എക്സാം ഓറിയന്റേഷൻ ക്ലാസ്സുകൾ | ♦പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി എക്സാം ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തപ്പെടുന്നു. | വർഷത്തിൽ 3 തവണ | ഒ.ആർ.സി. നോഡൽ ടീച്ചർ |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ഒ.ആർ.സി ട്രെയിനിംഗ് ക്ലാസ്സുകളും ക്യാമ്പുകളും | ♦ഒ.ആർ.സി ട്രെയനിംഗിന്റെ ഭാഗമായി ക്യാമ്പുകളും ക്ലാസ്സുകളും നടത്തപ്പെടുന്നു. | 6 മാസത്തിൽ ഒരിക്കൽ | |

**ഉപമേഖല: കൗൺസിലിങ്ങ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ള വരാക്കൽ | ♦ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | ജൂൺ,ഫെബ്രവരി മാസങ്ങളിൽ | ക്ലാസ്സ് ടീച്ചർ |
| | ♦ ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ.<br>♦ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്<br>♦ ഗ്രൂപ്പ് കൗൺസിലിങ്ങ്. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ടീൻസ് ക്ലബ് കൺവീനർ |

| മേഖല - അക്കാദമികം - സാമൂഹിക<br>ഉപമേഖല: പി.ടി.എ. ശക്തിപ്പെടുത്തൽ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| പി.ടി.എ. ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുന്നതിനും | പി.ടി.എ. യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | ക്ലാസ് അധ്യാപകർ |

| മേഖല - അക്കാദികം - സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ.) | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| പ്രദേശിക പി.ടി.എ.രൂപീകരിക്കലും അക്കാദമിക വിഷയങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തലും | എസ്.എസ്.എൽ.സി. ക്ക് മികച്ച വിജയം നേടുന്നതിന് 10-ാം തരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളിലായി തിരിച്ച് പ്രാദേശിക പി. ടി. എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ 1 പ്രാവശ്യം തുടക്കത്തിലും ഡിസംബർ, ജനുവരി മാസങ്ങളിലും | പി.ടി.എ.<br>എസ്.ആർ.ജി |

# ഭാഗം 2 ഹയർസെക്കൻഡറി വിഭാഗം

2025 ജൂൺ രണ്ട് മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവ് ആണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിരിക്കുന്നത്. ടെർമിനൽ പരീക്ഷകൾ, മോഡൽ പരീക്ഷകൾ, വാർഷിക പരീക്ഷകൾ, ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തുന്ന ദിവസങ്ങൾ ഒഴിവാക്കിയുള്ള അധ്യായനദിവസത്തേക്കാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ബേക്കർ ഹയർ സെക്കൻഡറി വിഭാഗത്തിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് സ്കൂളിലെ ഹയർസെക്കൻഡറി വിഭാഗത്തിന്റെ മുതൽക്കൂട്ട്.

1998 ൽ രണ്ട് സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും ഉൾപ്പെട്ട ഹയർ സെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടു. 2020ൽരണ്ട് സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും കൂടുതലായി ലഭിച്ചു. അങ്ങനെ നാല് സയൻസ് ബാച്ചും രണ്ട് കൊമേഴ്സ് ബാച്ചും ഉൾപ്പെടെ ആറ്ബാച്ചുകൾ ഉള്ള ബേക്കർ മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂൾ ആയി.

2004ൽ കരിയർ ഗൈഡൻസ് ക്ലബ്ബ്ആരംഭിച്ചു.

2014ൽ എൻ.എസ്.എസ്., ഗൈഡ്സ് യൂണിറ്റ്, സൗഹൃദ ക്ലബ്ബ്, എന്നിവ ആരംഭിച്ചു. 2019 ൽ ദ്വിശദാബ്ദി ആഘോഷിച്ചു. നിലവിൽ താഴെ പറയുന്ന പാഠ്യാനബന്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു

ഗൈഡ്സ്
നാഷണൽ സർവീസ് സ്കീം
കരിയർ ഗൈഡൻസ് സൗഹൃദ ക്ലബ്ബ്
നേച്ചർ ക്ലബ്ബ്
സോഷ്യൽ സർവീസ് ലീഗ്
ആൻറി നാർകോട്ടിക് ക്ലബ്
ഹെൽത്ത് ക്ലബ്
അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ
ഗ്രീൻ സ്കൂൾ പ്രോജക്ട്.
സ്പോർട്സ് ക്ലബ്ബ്
ആർട്സ് ക്ലബ്ബ്
ഐടി ക്ലബ്ബ്
മാത്സ് ക്ലബ്ബ്
സയൻസ് ക്ലബ്ബ്
ടൂർ ക്ലബ്ബ്
ക്വിസ് ക്ലബ്ബ്
സാഹിത്യ ക്ലബ്ബ്

ഹയർസെക്കൻഡറി വിഭാഗത്തിൽ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂമുകൾ ആയിട്ടുണ്ട് . ഫിസിക്സ് , കെമിസ്ട്രി, ബോട്ടണി ,സുവോളജി ,കണക്ക് ,കമ്പ്യൂട്ടർ വിഷയങ്ങളിൽ മികച്ച ലാബ് സൗകര്യവും , ലൈബ്രറി , റീഡിങ് റൂം റൂഫ് ടോപ് ഓഡിറ്റോറിയം തുടങ്ങിയ സൗകര്യങ്ങളും ഉണ്ട്.

600 കുട്ടികള്ക്ക് സൗകെര്യപ്രദമായി ഉപയോഗിക്കത്തക്കവിധം ആനുപാതികമായി ടോയ്ലെറ്റ് സൗകര്യവും സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീൻ, ഇൻസിനേററ്ററും ശുദ്ധജല ലഭ്യതക്കായി കൂളറുകളും സ്കൂളിലുണ്ട്.

കോട്ടയം മുനിസിപ്പൽ പ്രദേശത്തു നിന്നും ചുറ്റുപാടുമുള്ള തിരുവാർപ്പ്, പനച്ചിക്കാട്, കുമരകം, കുറിച്ചി, പുതുപ്പള്ളി, വിജയപുരം, തുടങ്ങിയ പഞ്ചായത്ത് പ്രദേശങ്ങളിൽനിന്നും ഉള്ള പെൺകുട്ടികളാണ് സ്കൂളിൽ എത്തുന്നത്. കേരള ഗവൺമെന്റിന്റെ ഏകജാലക സംവിധാനത്തിലൂടെ ജനറൽ മെറിറ്റ്, പട്ടികജാതി, പട്ടിക വർഗ്ഗ മറ്റ് പിന്നാക്ക വിഭാഗങ്ങൾ, സി .എസ് .ഐ. കമ്മ്യൂണിറ്റി സീറ്റുകളിലേക്ക് അഡ്മിഷൻ നടത്തപ്പെടുന്നു . 20 ശതമാനം മാനേജ്മെൻറ് സീറ്റുകളിലേക്കും അഡ്മിഷൻ നടത്തപ്പെടുന്നു.

## പാഠ്യപദ്ധതിയും ബോധനരീതിയും

നിലവിൽ ഹയർസെക്കൻഡറി ഒന്നും, രണ്ടും വർഷ സിലബസിൽ നോട്ടുകൾ തയ്യാറാക്കി ക്ലാസുകൾ എടുക്കണം. ഓഡിയോ-വിഷ്വൽ ഉപകരണങ്ങൾ മിതമായ രീതിയിൽ ഉപയോഗിച്ച് ക്ലാസുകൾ കൂടുതൽ വിദ്യാർത്ഥി താൽപര്യം സൃഷ്ടിക്കുന്നതാക്കുക.

പഠിക്കുന്ന വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് കുട്ടികൾക്ക് ഉണ്ടെന്നു ഉറപ്പുവരുത്തി മാത്രം ടോപിക്കുകൾ ആരംഭിക്കുക.

ക്രിയാത്മകവും , വിമർശനാത്മകവുമായ സ്വതന്ത്രചിന്തകൾ വിഷയങ്ങളിൽ കുട്ടികൾക്ക് ഉണ്ടാകുന്ന വിധത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യാം. പഠിക്കുന്ന വിഷയങ്ങളിൽ പ്രശ്നപരിഹാര നൈപുണ്യം വളർത്തിയെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

തയ്യാറാക്കിയ പ്ലാൻ അനുസരിച്ച് ടോപ്പിക്കുകൾ ഭംഗിയായി അവസാനിപ്പിക്കുന്ന വിധത്തിൽ സമയ ലഭ്യത ഉറപ്പുവരുത്തുക. വ്യക്തിപരമായ ശ്രദ്ധ ആവശ്യമായ കുട്ടികളെ മെന്ററിംഗിലൂടെ കണ്ടെത്തുവാനും അവർക്ക് വേണ്ട പ്രത്യേക പരിശീലനം ( Remedial teaching ) ലഭ്യമാക്കുവാൻ ശ്രദ്ധിക്കണം.

രണ്ടാം വർഷ ക്ളാസ്സുകൾ നവംബർ 30 നും ഒന്നാം വർഷ ക്ലാസ്സുകൾ ഡിസംബര് 22 നും അവസാനിപ്പിക്കണം. അതിനുശേഷം കൃത്യമായ പ്ളാനോടുകൂടി റിവിഷൻ ക്ളാസ്സുകളും റിവിഷൻ പരീക്ഷകളും നടത്തണം.

## വിലയിരുത്തലും മൂല്യ നിർണ്ണയവും

പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട ഒന്നാം പാദപരീക്ഷ, രണ്ടാം പാദപരീക്ഷ ,മോഡൽ പരീക്ഷ ,വാർഷിക പരീക്ഷ ഇവയാണ് സാമ്പ്രദായിക മൂല്യനിർണയ രീതി. കൂടാതെ തുടർമൂല്യനിർണ്ണയരീതി ഇൻറ്റേണൽ അസെസ്മെന്റിനും ഉപയോഗിക്കുന്നു. തിയറി മൂല്യനിർണയത്തിനുള്ള ചോദ്യപേപ്പറുകൾ ഗവൺമെൻറ് തലത്തിൽ വിതരണം ചെയ്യുന്നു. ക്ലാസ് ടെസ്റ്റുകൾ കുട്ടിയുടെ പഠനനിലവാരം കൃത്യമായി മനസ്സിലാക്കുവാൻ ഉപകരിക്കും .ഇതിനായി ഡിജിറ്റൽ സൗകര്യവും ഉപയോഗിക്കാം. ഇങ്ങനെയുള്ള ക്ലാസ് ടെസ്റ്റുകളുടെ മാർക്കുകൾ കൃത്യമായി റെക്കോർഡ് ചെയ്യുക വഴി മുൻ നിരന്തര മൂല്യനിർണയം സാധ്യമാക്കുകയും ചെയ്യാം

മോഡൽ പരീക്ഷ, വാർഷിക പരീക്ഷ എന്നിവയുടെ ടൈംടേബിൾ ഗവൺമെൻറ് തരുന്നത് അനുസരിച്ച് നടത്തപ്പെടുന്നതാണ്. പ്രോഗ്രസ് റിപ്പോർട്ടിൽ മാർക്കുകൾ രേഖപ്പെടുത്തി മാതാപിതാക്കളുടെ ഒപ്പ് വാങ്ങി സൂക്ഷിക്കണം. കുട്ടികളുടെ മാതാപിതാക്കളുമായി മൂല്യനിർണയ വിവരങ്ങൾ പങ്കുവെക്കണം.

## തൊഴിൽപരമായ വികസനം

ഡിപ്പാർട്ട്മെൻറ് തലത്തിൽ നടക്കുന്ന എല്ലാവിധ ട്രെയിനിങ് പ്രോഗ്രാമുകളിലും കമ്പ്യൂട്ടർ ഐടി മേഖലയിലെ ട്രെയിനിങ്ങുകൾക്കും എല്ലാ അധ്യാപകരും പ്രിൻസിപ്പലും പങ്കെടുത്ത് വിഷയങ്ങളിലെ അവഗാഹവും നൂതന രീതികളും പരിചയപ്പെടേണ്ടതാണ് . കോർപ്പറേറ്റ് മാനേജ്മെൻറ് തലത്തിലും സ്കൂൾ തലത്തിലും വിദഗ്ധരെ ഉപയോഗിച്ച് ട്രെയിനിങ് പ്രോഗ്രാമുകൾ സംഘടിപ്പിക്കണം . സീമാറ്റ് (SIEMAT) സംഘടിപ്പിക്കുന്ന പ്രിൻസിപ്പൽ ട്രെയിനിങ് അതുപോലെ മാനേജ്മെൻറ് ട്രെയിനിങ് തുടങ്ങിയ പ്രത്യേക പ്രോഗ്രാമുകൾക്കും പ്രിൻസിപ്പലും അധ്യാപകരും പങ്കെടുക്കേണ്ടതാണ്.

## വിദ്യാർത്ഥി സഹായ സേവനങ്ങൾ

ഭിന്ന അഭിരുചിയും വ്യത്യസ്ത കുടുംബപശ്ചാത്തലവും സാമൂഹ്യ അന്തരീക്ഷവും ഉള്ള കുട്ടികൾക്ക് ഹയർ സെക്കൻഡറി കോഴ്സിലേക്ക് പ്രവേശിക്കുമ്പോൾ ആവശ്യമായ കരുതലും സ്നേഹവും സ്കൂളിനെ കുറിച്ചുള്ള അവബോധവും സൃഷ്ടിക്കുന്നതിന് പ്രവേശനോത്സവ സമയത്ത് തന്നെ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ക്ലാസ് അധ്യാപകരെ കൂടാതെ, മറ്റ് അധ്യാപകരുടെ സഹായത്തോടെ കുട്ടികളെ മനസ്സിലാക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും സാധിക്കുന്നു. അഡ്മിഷൻ സമയത്ത് ഓരോ കുട്ടിയെയും മാതാപിതാക്കൾക്കൊപ്പം പ്രിൻസിപ്പൽ നേരിട്ട് കണ്ട് സംസാരിക്കുന്നതിലൂടെ കുട്ടിയുടെ ആവശ്യങ്ങളും കുടുംബ സാഹചര്യങ്ങളും മനസ്സിലാക്കുന്നതിനും അതിലൂടെ ശ്രദ്ധയും കരുതലും വേണ്ട കുട്ടികൾക്ക് അവ നൽകുന്നതിനും സാധിക്കുന്നു.

വിവിധങ്ങളായ കഴിവുകൾ ഉള്ള കുട്ടികളെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിനും ആർട്സ് ഫെസ്റ്റിവൽ, സ്പോർട്സ് മറ്റുമേളകൾ ഇവയിൽ പങ്കെടുപ്പിക്കുന്നതിനും സാഹചര്യം ഒരുക്കുന്നു. സ്കൂൾ കൗൺസിലർ ആവശ്യമുള്ള കുട്ടികൾക്ക് വേണ്ട കൗൺസിലിംഗ് നൽകുന്നു. പോലീസ്, എക്സൈസ്, ആരോഗ്യവകുപ്പ് തുടങ്ങിയ ഡിപ്പാർട്ട്മെൻറ് നേതൃത്വം നൽകുന്ന വിവിധ ക്ലാസുകൾ പെൺകുട്ടികൾക്ക് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, സ്വയം പ്രതിരോധം, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നു. കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്ലസ്ടുവിന് ശേഷമുള്ള വിവിധ കോഴ്സുകൾ, അനുബന്ധ തൊഴിൽ മേഖലകൾ ഇവയെ പരിചയപ്പെടുത്തുന്നു. സോഷ്യൽ സർവീസ് ലീഗിന്റെ ചാരിറ്റി ബോക്സ് കളക്ഷനിലൂടെ രോഗാവസ്ഥയിലുള്ള അർഹരായ വിദ്യാർഥികൾക്കും കുടുംബാംഗങ്ങൾക്കും സഹായം എത്തിക്കുന്നു. നിർധനരായ കുട്ടികളുടെ വീട് പൂർണ്ണമായും നിർമ്മിക്കുന്നതിനോ,നിർമ്മാണ ചിലവിന്റെ ഒരു ഭാഗം വഹിക്കുന്നതിനോ മുൻകൈയെടുക്കണം.

സ്കൂൾ അന്തരീക്ഷം ഏറ്റവും മികച്ചതാകണമെങ്കിൽ പ്രിൻസിപ്പൽ, അധ്യാപകർ അനധ്യാപകർ ,മാതാപിതാക്കൾ എന്നിവർക്കിടയിലുള്ള ശക്തമായ ബന്ധവും ഐക്യവും സഫലമായ ആശയവിനിമയും

അത്യന്താപേക്ഷിതമാണ്. പരസ്പരമുള്ള അംഗീകാരവും ആശയവിനിമയവും ബന്ധങ്ങൾ ദൃഢമാക്കുന്നതിനും, ഒത്തൊരുമിച്ച് സ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും സഹായിക്കുന്നു. ഇതിന് സഹായകമാകുന്നതിന് എല്ലാ മാസവും രണ്ടാമത്തെ ആഴ്ചയിൽ വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തപ്പെടുന്നു. നവീന ആശയങ്ങളും പദ്ധതികളും ചർച്ച ചെയ്യപ്പെടണം.

എല്ലാദിവസവും രാവിലെ പ്രിൻസിപ്പൽ, അധ്യാപകർ , അനധ്യാപകർ എന്നിവർ ഒരുമിച്ചു കൂടിയിരുന്നു പ്രാർത്ഥിക്കുകയും പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും വേണം.

എല്ലാ ആഴ്ചയിലും സ്കൂൾ അസംബ്ലി നടത്തപ്പെടണം.ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ നേതൃത്വം നൽകണം. ഇംഗ്ലീഷ്, മലയാളം , ഹിന്ദിഎന്നീ ഭാഷകളിൽ അസംബ്ലി നടത്താം . മാതാപിതാക്കളുമായി ക്ലാസ് അധ്യാപകർ നിരന്തരം ആശയവിനിമയം നടത്തുന്നതു വഴി നല്ല ബന്ധം സ്ഥാപിക്കുവാൻ സഹായിക്കുന്നു.

ഒരു ടേമിൽ ഒരു പ്രാവശ്യമെങ്കിലും ക്ലാസ് പിടിഎ നടത്തപ്പെടണം. കുട്ടിയുടെ പഠനപുരോഗതി മാതാപിതാക്കളുമായി ചർച്ച ചെയ്യണം.

പി ടി എ ജനറൽബോഡി വർഷത്തിൽ മൂന്നുപ്രാവശ്യം കൂടണം.

എക്സിക്യൂട്ടീവ് കമ്മിറ്റി, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി എന്നിവ ആവശ്യമായ സമയത്തെല്ലാംകൂടി തീരുമാനങ്ങൾ എടുക്കണം.

സ്കൂളിലെ പ്രധാന പരിപാടികൾ ആയ ആട്സ് ഫെസ്റ്റിവൽ, ആനിവേഴ്സറി തുടങ്ങിയവയിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

വിവിധ സാമൂഹ്യ സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കുട്ടികളുമായി സംവദിക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് അവബോധം ലഭിക്കും. അതേസമയം കുട്ടികൾക്ക് ഭാവിയിൽ ദോഷകരമാകുന്ന തരത്തിലുള്ള ഇടപെടലുകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. നിലവിൽ ഡിജിറ്റൽ മീഡിയയുടെ സഹായത്തോടെ അറിയിപ്പുകളും ബ്രോഷറുകളും കരിയർ ഗൈഡിന്റെ മേല്നോട്ടത്തിൽ നൽകി ആവശ്യമായത് മാത്രം പ്രതികരിക്കുവാൻ പ്രേരിപ്പിക്കേണ്ടതാണ്.

## നടപ്പിലാക്കലും നിരീക്ഷണവും

## അക്കാദമിക മികവ് കൈവരിക്കൽ

2025 മാർച്ച് പരീക്ഷയിൽ 100% വിജയവും, പരമാവധി കുട്ടികൾക്ക് എ പ്ലസ് ഗ്രേഡും ലഭിക്കുവാനുള്ള തയ്യാറെടുപ്പുകളും. ക്ലാസ്സിൽ മികവ് പുലർത്തുന്ന പരമാവധി കുട്ടികളെ ഓരോ ക്ലാസിൽ നിന്നും കണ്ടുപിടിച്ച്മെൻടേഴ്സ് അവരുമായി പ്രത്യേകം സംസാരിച്ചു പഠന രീതികൾ ക്രമീകരിക്കണം . ആവശ്യമെങ്കിൽ കൂടുതൽ പഠന സഹായങ്ങൾ നൽകാവുന്നതാണ്. പഠിപ്പിക്കുന്ന അധ്യാപകരും ഈ കുട്ടികളെ വ്യക്തിപരമായി കണ്ട് പ്രോത്സാഹനം നൽകേണ്ടതാണ് . അതുപോലെതന്നെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാര ക്ലാസിനുള്ള ക്രമീകരണം നടത്തി അവരെ കൂടി വിജയത്തിലേക്ക് കൈപിടിച്ച് കൊണ്ടുവരണം. ഇതിനായുള്ള പദ്ധതികൾ എസ് ആർ ജി കൂടി തീരുമാനിക്കണം.

മാതാപിതാക്കളുമായി സംസാരിച്ചു കുട്ടികളുടെ ന്യൂനതകൾ മനസ്സിലാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തു കൊടുക്കണം

## ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2025-26 അക്കാദമി വർഷം തുടക്കത്തിൽ തന്നെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും ക്ലാസ്സുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും വേണം. പുതിയ കെട്ടിടത്തിന് മേരി ബേക്കർ ബ്ലോക്ക് എന്ന് നാമകരണം ചെയ്യാനും തീരുമാനിച്ചു. സ്കൂൾ കെട്ടിടങ്ങളും പരിസരങ്ങളും വൃത്തിയാക്കി ക്ലാസുകൾ സജ്ജമാക്കുന്നുണ്ട്.

## സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ

കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് റീഡിങ് റൂം പൂർണമായും ഉപയോഗപ്പെടുത്തണം. ലൈബ്രറി സ്റ്റോക്ക് രജിസ്റ്ററില് പുതിയ പുസ്തകങ്ങൾ ചേർക്കണം. ലൈബ്രറി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കണം. ആവശ്യമെങ്കിൽ പുതിയ പുസ്തകങ്ങൾ വാങ്ങണം.

## രജതജൂബിലി സുവനീർ

രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി സുവനീർ ഈ വർഷം പ്രസിദ്ധീകരിക്കും. പൂർവ്വാധ്യാപകരുടെയും, പ്രധാന അധ്യാപകരുടെയും ഇപ്പോൾ സേവനം ചെയ്യുന്ന അധ്യാപകരുടെയും ഓർമ്മകളിലൂടെ വിരിയുന്ന, സ്കൂളിന്റെ 206 വർഷത്തെ ചരിത്രം രേഖപ്പെടുത്തികൊണ്ടാണ് സുവനീർ **'ദ ബേക്കർ ഡോസിയർ'** ( The Baker Dossier) പുറത്തിറക്കുന്നത്.

### ഉപസംഹാരം

കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പ്രാവർത്തികമാക്കാൻ, ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധ്യമാവട്ടെ. ഹയർസെക്കണ്ടറിയുടെ രജതജൂബിലി വർഷത്തിൽ സ്കൂളിൽ മികച്ച അക്കാദമിക സാഹചര്യവും വിദ്യാർത്ഥിസൗഹൃദസ്കൂൾ അന്തരീക്ഷവും ഉറപ്പുവരുത്തുന്നതോടൊപ്പം ഉയർന്ന വിജയശതമാനവും കുട്ടികളുടെ വ്യക്തിത്വവികസനവും ലക്ഷ്യമാക്കികൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ വരും വർഷങ്ങളിലും സ്കൂളിന്റെ പുരോഗതി ലക്ഷ്യമാക്കിയിട്ടുള്ളതാണ്. വിദ്യാലയത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും കർമ്മപഥത്തിൽ എത്തിക്കുവാൻ കുട്ടികളുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ പ്രയത്നം ആവശ്യമാണ്. പുതിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതോടെ അക്കാദമിക-കലാ-കായിക രംഗങ്ങളിൽ മികച്ച മുന്നേറ്റം ഉണ്ടാകട്ടെ.